2

# കേരളത്തിലെ സ്ത്രീകളും ഉന്നതവിദ്യാഭ്യാസവും

സ്ത്രീവിദ്യാഭ്യാസം ഒരു പ്രശ്നമല്ലാതായിരിക്കുന്നുവെന്ന് വിശ്വസിക്കുന്നവർ വളരെയധികം കണ്ടേക്കാം. പ്രത്യേകിച്ചും വിദ്യാസമ്പന്നരായ വളരെയധികം സ്ത്രീകളുള്ള നമ്മുടെ കേരളക്കരയിൽ. നമ്മുടെ നാട്ടിൽ പെൺകുട്ടികൾക്കു മാത്രമായുള്ള സ്കൂളുകളുടെയും കോളജുകളുടെയും എണ്ണം കണ്ടുകൊണ്ടും, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പോകുന്ന വിദ്യാർത്ഥിനീപ്രവാഹം കണ്ടുകൊണ്ടും പല മറുനാട്ടുകാരും അത്ഭുതപ്പെടാറുണ്ട്.

എന്നാൽ ഇതുകൊണ്ടുമാത്രം ഇവിടത്തെ സ്ത്രീകളുടെ വിദ്യാഭ്യാസകാര്യത്തിൽ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ ഒന്നുമില്ല എന്നു പറയുന്നത് ശരിയായിരിക്കുമോ? പുതിയ കേരളപ്പിറവിയിൽ ഈ സംഗതിയെപ്പററി ഒന്നു ചിന്തിക്കുക അനുചിതമാകുകില്ലല്ലോ.

## പലതരക്കാർ

മെട്രിക്കുലേഷൻ കഴിഞ്ഞുള്ള കോളജ് വിദ്യാഭ്യാസത്തിനാണല്ലോ സാധാരണയായി ഉന്നത വിദ്യാഭ്യാസം എന്നു പറയുന്നത്. ഇതിൽ ബി.എ. മുതൽ ഏതു വലിയ ഡിഗ്രിയും ഉൾപ്പെടുത്താം. ബി.എ. ഡിഗ്രിയെടുത്ത യുവതികൾ ഇന്ന് നമ്മുടെ നാട്ടിൽ സുലഭമാണ്. ഒരുപടി മുന്നോട്ടുപോയി രണ്ടും അതിലധികവും ഡിഗ്രികൾ സമ്പാദിക്കുന്നവരും, ഓരോ പ്രത്യേക ശാഖകളിൽ വൈദഗ്ദ്ധ്യം സമ്പാദിക്കുന്നവരും അപൂർവ്വമല്ലാതായിത്തീർന്നിട്ടുമുണ്ട്.

ഇങ്ങനെ ഉപരിവിദ്യാഭ്യാസത്തിനുപോകുന്ന വിദ്യാർത്ഥിനികളെ എല്ലാം ഒരേ തരക്കാരായി കണക്കാക്കുന്നത് ശരിയായിരിക്കുകില്ല. വിജയലക്ഷ്മിയുടെയും അമൃതകൗറിന്റെയും സരോജിനീദേവിയുടെയും പേരിൽ അഭിമാനംകൊണ്ട് സ്ത്രീകൾക്ക് ഏത് ഉന്നതസ്ഥാനവും കരസ്ഥമാക്കാമെന്ന വിശ്വാസത്തിലും ആഗ്രഹത്തിലും ഉന്നതവിദ്യാ



ഭ്യാസത്തിന് ഒരുമ്പെടുന്നവരാണ് ഒരുകൂട്ടർ. മററൊരുവിഭാഗം, തങ്ങളുടെ സാമ്പത്തികക്ലേശങ്ങളിൽനിന്നു വിമുക്തരാകാൻവേണ്ടി, എന്തെങ്കിലും ഒരു പണിക്കുവേണ്ടി പഠിക്കാൻ വരുന്നവരും, വേറൊരുകൂട്ടർ പ്രത്യേകിച്ച്, യാതൊരുദ്ദേശ്യവുമില്ലാതെ, മററു പരിതഃസ്ഥിതികൾ അനുവദിക്കുന്നതുകൊണ്ട് കോളജുകളിൽ പോയി സമയം കൊല്ലുന്നവരും. ഇവരിൽ ആദ്യത്തെ രണ്ടുകൂട്ടരും തങ്ങളുടെ വിദ്യാഭ്യാസംകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകണമെന്നു കരുതുന്നവരാണ്.

## അപര്യാപ്തത

ആ പ്രയോജനമുണ്ടാക്കാൻ നമ്മുടെ സ്ത്രീകൾക്കിന്നു നല്കുന്ന വിദ്യാഭ്യാസം പര്യാപ്തമാണോ? നമ്മുടെ നാട്ടിൽ പല തുറകളിൽ — വലുതും ചെറുതും — പണിയെടുക്കുന്ന സ്ത്രീകൾ ധാരാളമുണ്ട് എന്നതുകൊണ്ടുമാത്രം ഈ ചോദ്യത്തിന് 'അതേ' എന്നുത്തരം പറയാൻ സാധ്യമല്ല. ജഡ്ജി, കോളജ് പ്രൊഫസർ, ഡയറക്ടർ എന്നിങ്ങനെ പല നിലകളിലും ശോഭിക്കുന്ന സ്ത്രീകൾ നമ്മുടെ നാട്ടിൽ ഉണ്ടെന്നത് നമുക്ക് അഭിമാനിക്കത്തക്കതുതന്നെ. എന്നാൽ നമ്മുടെ ഉത്ക്കർഷേച്ഛയുള്ള വിദ്യാർത്ഥിനികളിൽ എത്രയോ തുച്ഛമായ ഒരു ശതമാനമാണിവർ. ഉത്ക്കർഷേച്ഛയും അദ്ധ്വാനിക്കാനുള്ള കഴിവും സന്നദ്ധതയും, ബുദ്ധിശക്തിയും ഉണ്ടെങ്കിൽ ഈ നിലകൾ പ്രാപിക്കാൻ എല്ലാവർക്കും ഇന്നു സാധിക്കുന്നുണ്ടോ? പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഒരു സ്ത്രീ വീണ്ടും കൂടുതൽ പഠിക്കാനോ, കുറേക്കൂടി ഉയർന്ന ഒരു നിലയിലേക്കുയരാനോ ശ്രമിച്ചാൽ അവളെ നേരിടുന്നത് മിക്കവാറും പ്രോത്സാഹനമായിരിക്കുകില്ല; നിരുത്സാഹപ്പെടുത്തലായിരിക്കും. സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസം ആവശ്യമില്ല എന്നു വിശ്വസിക്കുന്നവർ ഇന്നും നമ്മുടെ നാട്ടിൽ കുറവല്ല. ഒരുപക്ഷേ, ബി.എ. ഡിഗ്രി വരെ ഇവർ അംഗീകരിച്ചേക്കാം. അവരാരും വിജയലക്ഷ്മിയെയും സരോജിനിദേവിയെയും അറിയാത്തവരല്ല; മറക്കുന്നവരുമല്ല. എന്നാൽ അവരെ ഒരു പ്രത്യേക നിലയിൽ കരുതുന്നവരാണെന്നുമാത്രം. ചുരുക്കത്തിൽ, ഭാഗ്യശാലികളായ ഒരു പിടി സ്ത്രീകൾക്കല്ലാത്ത, എല്ലാവർക്കും പററിയതാണ് ഈ ഉയർച്ചയെന്ന് അവർ വിശ്വസിക്കുന്നില്ല.

## തൊഴിൽരംഗത്തെ മത്സരം

ഇനി രണ്ടാമതു പറഞ്ഞ കൂട്ടരെപ്പററി. നമ്മുടെ കോളജുകളിൽ പഠിക്കുന്നവരിൽ നല്ലൊരു ശതമാനവും ഏതെങ്കിലും ഒരു പണിക്കുവേണ്ടി പഠിക്കുന്നവരാണ്. സ്ത്രീകൾ പണിയെടുക്കുന്നത് അന്തസ്സിനു പോരായ്മയായി വിശ്വസിച്ചിരുന്ന കാലം നമ്മുടെ നാട്ടിൽനിന്നു പൊയ്ക്കഴിഞ്ഞുവെന്നു പറയുന്നതു വളരെ തെററാകുകയില്ല. എന്നാൽ അതേസമയം

വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്കെതിരായി പലരും കാണുന്ന ഒരു പരിഹാരം സ്ത്രീകളെ 'തൊഴിൽകമ്പോള'ത്തിൽ നിന്നു മാററിനിർത്തുകയാണ്. — അങ്ങനെ തൊഴിലിനുവേണ്ടി വരുന്ന മത്സകരുടെ സംഖ്യ കുറയ്ക്കുക — അതിനു പല വളഞ്ഞ കാരണങ്ങളും ഉന്നയിക്കാറുണ്ട്. ഏററവും പ്രധാനമായി ഉയർത്തിപ്പിടിക്കുന്ന ഒരു കാരണമുണ്ട്. ഉദ്യോഗസ്ഥരായ സ്ത്രീകളിൽ വളരെപ്പേർ വിവാഹംകഴിക്കുന്നു. അങ്ങനെ വിവാഹാനന്തരമുള്ള ഉദ്യോഗജീവിതംമൂലം കുടുംബജീവിതം താറുമാറാകുന്നു. ഇത് നിസ്സാരമായി തള്ളിക്കളയാവുന്ന ഒരു വാദമുഖമല്ല. പക്ഷേ, വിവാഹിതരായ സ്ത്രീകളെയെങ്കിലും 'തൊഴിൽകമ്പോള'ത്തിൽ നിന്ന് ഒഴിച്ചുനിർത്തി തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കാനോ കുടുംബജീവിതത്തിന്റെ സുസ്ഥിതി നിലനിർത്താനോ സാധ്യമല്ലതന്നെ. എന്തെന്നാൽ സാമ്പത്തികസ്വാതന്ത്ര്യം സ്ത്രീസ്വാതന്ത്ര്യത്തിന്റെ ഏററവും മുഖ്യ ഉപാധിയാണെന്നത് മാററിവച്ചാൽപോലും സ്ത്രീകൾ പണിയെടുക്കേണ്ടത് വളരെ അത്യാവശ്യമായിത്തീർന്നിട്ടുണ്ട്. കാരണം ഒരു കുടുംബം പുലർത്താൻ പ്രായപൂർത്തിവന്ന എല്ലാവരും പണിയെടുത്താലേ പററൂ എന്ന ഒരു സ്ഥിതിയാണിന്ന്. പ്രത്യേകിച്ചും നമ്മുടെ ഇടത്തരം കുടുംബങ്ങളിലും താഴ്ന്ന വരുമാനക്കാരുടെയിടയിലും.

## തന്റേടമില്ലായ്മ

ചൈനയിലെയും സോവ്യററുനാട്ടിലെയും സ്ത്രീകൾ പുരുഷന്മാരോടൊപ്പം എല്ലാ തുറകളിലും പ്രവർത്തിക്കുന്നുവെന്ന് നാം കേൾക്കാറുണ്ട്. അവർ ട്രാക്ടറുകൾ ഓടിക്കുകയും വലിയ മില്ലുകൾ ഭരിക്കുകയും ചെയ്യുന്നുണ്ടത്രെ. ഇതൊക്കെ ചെയ്യാൻ നമ്മുടെ സ്ത്രീകളെയും അഭ്യസിപ്പിക്കണം എന്നൊരു വാദം ഉണ്ടാകാവുന്നതാണ്. എന്നാൽ നമ്മുടെ സ്ത്രീകളുടെ സാമൂഹ്യ-വിദ്യാഭ്യാസ പരിതഃസ്ഥിതികളും മാനസിക പ്രവർത്തനവും മനസ്സിലാക്കിയാൽ ഇതുടൻ സാധിക്കാവുന്നതല്ല എന്നു മനസ്സിലാക്കാൻ യാതൊരു പ്രയാസവുമില്ല. പാശ്ചാത്യവനിതകൾ പോകട്ടെ, നമ്മളെക്കാൾ വളരെ വിദ്യാഭ്യാസം കുറഞ്ഞ ഉത്തരേന്ത്യൻ സ്ത്രീകളെപ്പോലെപോലും തന്റേടം കാണിക്കാൻ നമ്മുടെ സ്ത്രീകളിൽ ബഹുഭൂരിപക്ഷവും മടിക്കുന്നു. വലിയ വിദ്യാഭ്യാസം സിദ്ധിച്ചവരിൽ പലരും ചുററുപാടുകളെപ്പററി യാതൊരു വിവരവുമില്ലാത്തവരായിരിക്കുന്നു. തങ്ങൾക്ക് വിദഗ്ദ്ധപരിശീലനം ലഭിച്ച പ്രത്യേക ശാഖകൾക്കു പുറമേയുള്ള ലോകവുമായി ബന്ധം പുലർത്താൻ അവർ ആഗ്രഹിക്കുന്നില്ല. വേറൊരു കൂട്ടർ സ്വതന്ത്രമായി ചിന്തിക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും മടിക്കുന്നു. മാർക്കററിൽ പോകുന്നതും — ഷോപ്പിങ് ഇന്നൊരു ഫാഷനായിട്ടുണ്ടെങ്കിലും — ടൗൺബസ്സിൽ തനിയെ സഞ്ചരിക്കുന്നതും അവസ്ഥക്കുറവായോ തെററായോ നമ്മിൽ പലരും ഇന്നും കരുതുന്നു.



ഇതെല്ലാം നമുക്കു കിട്ടുന്ന വിദ്യാഭ്യാസത്തിന്റെ പോരായ്മയാണ്. ജീവിതത്തിന്റെ ഏററവും സുപ്രധാനവും നിർണ്ണായകവുമായ ഒരു പ്രായത്തിലാണ് അധികംപേരും കോളേജുകളിൽ കഴിഞ്ഞുകൂടുന്നത്. അന്നു നമ്മിൽ രൂപംകൊള്ളുന്ന വിശ്വാസങ്ങളും അഭിപ്രായങ്ങളും മാനസിക പ്രവർത്തനരീതികളും പലപ്പോഴും ജീവിതത്തിൽ സ്ഥായിയായി നിലനില്ക്കുന്നവയായിരിക്കും.

## ഗൃഹശാസ്ത്രത്തിന്റെ പോക്ക്

സ്ത്രീകൾക്കു നല്കുന്ന വിദ്യാഭ്യാസത്തിൽ എന്തോ പോരായ്മയുണ്ടെന്ന അഭിപ്രായം ശക്തമായതിന്റെ ഫലംകൂടിയാണ്, 'ഗൃഹശാസ്ത്രം' (Domestic Science) എന്നൊരു ഗ്രൂപ്പ് പല കോളജുകളിലും തുടങ്ങിയിരിക്കുന്നത്. നല്ല അരിവയ്പുകാരെ സൃഷ്ടിക്കുകയല്ല അതിന്റെ ഉദ്ദേശ്യം. വിദഗ്ദ്ധവും സമർത്ഥവും വിജയകരവുമായ രീതിയിൽ ഗൃഹഭരണം സാധിക്കുന്നതിനു ശാസ്ത്രീയമായി പരിശീലനം നല്കുകയാണ്. പക്ഷേ, ഈ ശാസ്ത്രം വളരെയധികം പുരോഗമിച്ച നാടെന്നനിലയിലായിരിക്കാം, അമേരിക്കയിൽനിന്നാണ് നല്ലൊരുഭാഗം വിദഗ്ദ്ധർ വരുന്നത്. അവരുടെ രാജ്യത്തിനനുയോജ്യമായ രീതിയിലുള്ള ഗൃഹശാസ്ത്രം നമ്മുടെ നാട്ടിൽ തീരെ പററിയതല്ല. കുടുംബബഡ്ജററു തയ്യാറാക്കുന്നതിലായാലും മററു ഗാർഹികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലായാലുമെല്ലാം അമേരിക്കൻ ചുവതന്നെ. പഠിപ്പിക്കുന്നതു വിമർശനബുദ്ധ്യാ നോക്കിക്കാണാനോ ആ സമ്പ്രദായത്തിന്റെ നല്ല വശങ്ങൾ മനസ്സിലാക്കി നമുക്കനുയോജ്യമായ രീതിയിൽ രൂപാന്തരപ്പെടുത്തുന്നതിനോ നമ്മുടെ വിദ്യാർത്ഥിനികൾ കൂട്ടാക്കാറില്ല. അത്തരത്തിലല്ല അവരെ ശീലിപ്പിക്കുന്നതും.

ഇനി വേറൊരു പുതിയ വിദ്യാശാഖയുണ്ട് — സാമൂഹ്യസേവനം. കമ്മ്യൂണിററി പ്രോജക്ററുകളും എൻ.ഇ.എസ്. ബ്ലോക്കുപ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്ന ഈ അവസരത്തിൽ ഈ ശാഖയിൽ അഭ്യസ്തവിദ്യ നേടിയവരെ കൂടുതൽ ആവശ്യമായി വരുന്നു. ഇതിനായി വരുന്ന വിദ്യാർത്ഥിനികളിൽ മുക്കാൽപങ്കും സാമൂഹ്യബോധമില്ലാത്തവരും സാമൂഹ്യസേവനത്തിന്റെ പ്രായോഗികവശങ്ങളെപ്പററി ഹരിഃശ്രീ അറിയാൻ പാടില്ലാത്തവരുമാണ്. എത്ര നല്ല വിദ്യാസ്ഥാപനമായാലും എല്ലാം അങ്ങനെയല്ല എന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്. — ഇതുപോലുള്ള ഒരു വിദ്യ അഭ്യസിച്ച് പുറത്തിറങ്ങി പ്രവർത്തിക്കുമ്പോഴാണ് പുതിയ പല പ്രശ്നങ്ങൾ മനസ്സിലാക്കുന്നത്. അവയെ സമർത്ഥമായി നേരിടുന്നതിലാണ് ഈ വിദ്യാഭ്യാസത്തിന്റെ പൂർണ്ണത്വവും പ്രയോജനവും നിർണ്ണയിക്കേണ്ടത്. ഈ രീതിയിലല്ല അവ വിദ്യാർത്ഥിനികളെയും — വിദ്യാർത്ഥികളുമുണ്ട് — തയ്യാറാക്കുന്നതെന്നത് വളരെ ഖേദകരമായ ഒരു പരമാർത്ഥമാണ്.

ജീവിതപ്രശ്നങ്ങൾക്ക് വിദ്യാഭ്യാസവുമായി എന്തു ബന്ധമാണുള്ളതെന്ന് ഒരു ചോദ്യമുണ്ടാകാം. തീർച്ചയായും അവ ബന്ധപ്പെട്ടവയാണ്. എഴുത്തും വായനയും സ്വല്പം കണക്കുകൂട്ടലും പഠിച്ചു കഴിയുന്നതോടെ വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശ്യം സാധിച്ചു കഴിഞ്ഞുവെന്നു വിചാരിച്ചിരുന്ന കാലം കഴിഞ്ഞുപോയി. യാതൊരുദ്ദേശ്യവുമില്ലാതെ വിദ്യാഭ്യാസത്തിനായി വരുന്നവർക്ക് ഒരു ലക്ഷ്യവും ലക്ഷ്യപ്രാപ്തിക്കു വേണ്ട സഹായവും നല്കുക എന്ന ഉദ്ദേശ്യത്തോടെ വരുന്നവർക്ക് അത് സാധിതപ്രായമാക്കാൻ പരമാവധി സഹായിക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ പ്രയോജനവശങ്ങളിൽ ഒന്നായിരിക്കണം.

ഇന്നത്തെ വിദ്യാഭ്യാസത്തിലുള്ള പോരായ്മകൾ വിദ്യാർത്ഥികളെയും ബാധിക്കുന്നതല്ലേ എന്ന് ന്യായമായി സംശയിക്കാവുന്നതാണ്. പക്ഷേ, സ്ത്രീവിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യവും വ്യാപ്തിയും പുരുഷന്മാർക്ക് നല്കുന്ന വിദ്യാഭ്യാസത്തിനെക്കാൾ വിപുലമായിരിക്കണം. എന്തെന്നാൽ നമ്മുടെ ഇന്നത്തെ സാമൂഹ്യഘടനയിൽ പുരുഷന്മാർക്ക് കുടുംബവരുമാനം സമ്പാദിക്കുക എന്ന ചുമതലയേ ഉള്ളു. സ്ത്രീയെ സംബന്ധിച്ചിടത്തോളം കുടുംബനായിക എന്നും ഉദ്യോഗസ്ഥ എന്നും രണ്ട് ഉത്തരവാദിത്വങ്ങൾ ഉണ്ട്. ഒന്നുപേക്ഷിച്ചാലും അവളെ സംബന്ധിച്ച പ്രശ്നങ്ങൾക്കു വലിയ മാററം വരില്ല. അങ്ങനെ ഉപേക്ഷിക്കുക നിഷ്പ്രയാസവുമല്ല. ഭവിഷ്യത്തുകൾ ഇല്ലാത്തതുമല്ല.

ഈ ചുമതലകൾ നടപ്പിലാക്കുന്നതിനും വിജയകരമായ ഒരു ജീവിതം നയിക്കുന്നതിനും സഹായിക്കുന്നതായിരിക്കണം അവൾക്കു ലഭിക്കുന്ന വിദ്യാഭ്യാസം. സ്ത്രീകൾക്കു മാത്രമായി പർദ്ദയ്ക്കുള്ളിലുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്ക്കരിക്കണമെന്നോ സഹവിദ്യാഭ്യാസം നിഷേധിക്കണമെന്നോ ഒന്നുമല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്.

ജീവിതത്തിൽ പുരുഷൻ അഭിമുഖീകരിക്കേണ്ടതിൽ കൂടുതൽ പ്രശ്നങ്ങൾ സ്ത്രീക്കു നേരിടേണ്ടതുണ്ട്. അതിനവളെ സഹായിക്കുന്ന വിധത്തിലായിരിക്കണം, അവൾക്കു ലഭിക്കുന്ന വിദ്യാഭ്യാസം. ഇതിൽ സഹവിദ്യാഭ്യാസത്തിന് വമ്പിച്ച ഒരു പങ്കുണ്ട്. എന്തെന്നാൽ അതുമൂലം സ്ത്രീകളിൽ ആരോഗ്യകരമായ പല വിശ്വാസങ്ങളും ഉണ്ടാക്കാൻ സാധിക്കുന്നതാണ്. സ്ത്രീത്വം നശിച്ച, ജീവിക്കാനറിയാൻ പാടില്ലാത്ത സ്ത്രീകളെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസം ഉന്നതവിദ്യാഭ്യാസമെന്ന സാമൂഹ്യബോധമില്ലാത്ത പേരിനർഹമല്ല. ഈ സംഗതിയെപ്പററി വിദ്യാഭ്യാസ - സാമൂഹ്യപ്രവർത്തകരും മഹിളാനേതാക്കളും പുതിയ കേരളത്തിന്റെ ആവിർഭാവത്തിലെങ്കിലും ചിന്തിക്കുന്നതു നന്നായിരിക്കും.

*(ജനയുഗം - കേരളപ്പിറവി സ്പെഷ്യൽ 1956)*